LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ സ്വീകരിക്കാമോ ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) വാടക കെട്ടിടം കഴിഞ്ഞ ഏപ്രിൽ 30-നുമുമ്പായി ഒഴിഞ്ഞ് കൊടുക്കുന്നതിന് ഉടമസ്ഥനിൽനിന്നും കത്ത് ലഭിച്ചിരുന്നു.

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിന് വിദ്യാനഗറിൽ കളക്ടറേറ്റിനടുത്ത സ്ഥലത്ത് ഒരു വൈദ്യുതി ഭവനം നിർമ്മിക്കുന്നതിനുള്ള നടപടികൾ ബോർഡ് തലത്തിൽ പരിശോധിച്ചുവരുന്നു. മറ്റൊരു വാടക കെട്ടിടം മേൽപ്പറഞ്ഞ ഓഫീസുകൾ പ്രവർത്തിക്കുന്നതിനായി കണ്ടെത്തിയിട്ടുണ്ട്. ഓഫീസുകൾ ഈ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

(സി) എല്ലാ ജില്ലയിലും വൈദ്യുതി ഭവനം സ്ഥാപിക്കുന്നകാര്യം പരിഗണന യിലില്ല. സ്ഥല ലഭ്യത തിട്ടപ്പെടുത്തി ആവശ്യാനുസരണം ഒരു മിനി വൈദ്യുതി ഭവനം കാസർഗോഡ് സ്ഥാപിക്കുന്നകാര്യം പരിഗണനയിലാണ്.

## ആറ്റിങ്ങൽ മണ്ഡലത്തിൽ ഊർജ്ജ വകുപ്പ് നടപ്പിൽ വരുത്തിയ പ്രവൃത്തികൾ

**62 (407)** ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ആറ്റിങ്ങൽ മണ്ഡലത്തിൽ ഊർജ്ജവകുപ്പ് മുഖാന്തരം നടപ്പിൽ വരുത്തിയതും ഭരണാനുമതി ലഭിച്ചിട്ടുള്ളതും പൂർത്തീകരിച്ചിട്ടില്ലാത്തതും ആയ പ്രവൃത്തികളുടെ വിശദ വിവരം ലഭ്യമാക്കാമോ ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം ആറ്റിങ്ങൽ നിയോജക മണ്ഡലമുൾപ്പെടുന്ന പ്രദേശത്തു നിന്നും വൈദ്യുതി കണക്ഷന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്രപേർക്ക് കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ 60 കി.മീ. 11 കെ.വി. ലൈൻ നിർമ്മാണം, 62 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, 55 കി.മീ. എൽ.റ്റി. ലൈൻ, 5 കി.മീ. 11 കെ.വി. ലൈൻ എന്നിവയുടെ റീ-കൺഡക്ടറിംഗ്, 75 കി.മീ. ഫേസ് കൺവേർഷൻ, 75 കി.മീ. ലോ ടെൻഷൻ ലൈൻ നിർമ്മാണം, 10352 സർവ്വീസ് കണക്ഷനുകൾ നൽകൽ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിച്ചതിൽ

ഒരു കി.മീ. 11 കെ.വി. ലൈൻ നിർമ്മാണം, ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, 2.5 കിലോമീറ്റർ ലൈൻ റീ-കൺഡക്ടറിംഗ് എന്നിവ നടത്താനുണ്ട്. ആർ.എ.പി. ഡി.ആർ.പി. ആറ്റിങ്ങൽ പദ്ധതിയിൽ 29.6 കി.മീ. ഏരിയൽ ബഞ്ച്ഡ് കേബിൾ നിർമ്മിക്കുന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

പ്രസരണ മേഖലയിൽ കടയ്ക്കാവൂരിൽ ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിച്ചു. ഇതിലേയ്ക്കായി ആറ്റിങ്ങൽ 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നും കടയ്ക്കാവൂർ സബ്സ്റ്റേഷനിലേക്ക് 33 കെ.വി. ലൈനും പ്രസ്തുത സബ്സ്റ്റേഷനിൽ നിന്നുമുള്ള അനുബന്ധ 11 കെ.വി. ലൈനുകളും നിർമ്മിച്ചു.

(ബി) 10358 അപേക്ഷകൾ ലഭിക്കുകയും 10352 സർവ്വീസ് കണക്ഷനുകൾ നൽകുകയും ചെയ്തു.

## സമ്പൂർണ്ണ വൈദ്യുതവൽക്കരണം

**63 (408)** <u>ശ്രീ. റ്റി. എൻ. പ്രതാപൻ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. കെ. ശിവദാസൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം സമ്പൂർണ്ണ വൈദ്യുതവത്ക്കരിക്കാൻ ഏതെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) എത്ര പുതിയ സർവ്വീസ് വൈദ്യുതി കണക്ഷനുകളാണ് ഇതനുസരിച്ച് നൽകാൻ ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ നൽകാമോ ;

(സി) ഏതെല്ലാം കേന്ദ്ര പദ്ധതികളനുസരിച്ചാണ് ഈ ലക്ഷ്യം കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശങ്ങൾ നൽകാമോ ?

### <u>ഉത്തരം</u>

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി, ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമ യോജന പദ്ധതി, സംസ്ഥാന സർക്കാരിന്റെയും പട്ടികജാതി/പട്ടികവർഗ്ഗവകുപ്പിന്റെയും ഫണ്ട് എന്നിവയിലൂടെയാണ് സമ്പൂർണ്ണ വൈദ്യുതീകരണം സംസ്ഥാനത്ത് പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly